പോലീസ് ഉദ്യോഗസ്ഥരുടെ ശമ്പള പരിഷ്ക്കരണ ഉത്തവിലെ അപാകത പരിഹരിക്കാൻ നടപടി

66 (3256) ശ്രീ. കെ. പി. വിശ്വനാഥൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ :

(എ) 1997-ലെ ശമ്പള പരിഷ്ക്കരണ ഉത്തരവിലെ അപാകത പരിഹരിച്ച് പോലീസ് ഉദ്യോഗസ്ഥരുടെ ശമ്പളമോ, അലവൻസുകളോ വർദ്ധിപ്പിക്കുവാൻ ഉദ്ദേശിക്കുന്നുണ്ടോ ;

(ബി) പോലീസ് ഉദ്യോഗസ്ഥർക്ക് ലഭിച്ചുകൊണ്ടിരുന്ന പി.റ്റി.എ. ഏതെങ്കിലും ജില്ലകളിൽ നിർത്തിവച്ചിട്ടുണ്ടോ ; ഉണ്ടെങ്കിൽ അതിനുള്ള കാരണം വെളിപ്പെടുത്തുമോ ;

(സി) ശമ്പള വർദ്ധനവിന്റെ അടിസ്ഥാനത്തിൽ ഓഫ് ഡ്യൂട്ടി അലവൻസ് വർദ്ധിപ്പിക്കാൻ ഉദ്ദേശമുണ്ടോ ; എങ്കിൽ എന്നു മുതലാണ് വർദ്ധിപ്പിക്കാൻ ഉദ്ദേശിക്കുന്നതെന്ന് വ്യക്തമാക്കുമോ ?

ഉത്തരം

(എ) ശ്രദ്ധയിൽപ്പെട്ടിട്ടുള്ള ചില അപാകതകൾ പരിഹരിക്കുവാൻ നടപടി സ്വീകരിച്ചുവരുന്നു.

(ബി) ചില ജില്ലകളിൽ പി.റ്റി.എ. നൽകുന്നതിൽ കാലതാമസം ഉണ്ടായിട്ടുണ്ട്. ഇത് പരിഹരിച്ചുകൊണ്ട് പി.റ്റി.എ. നൽകുന്നതിന് നടപടി സ്വീകരിച്ചുവരികയാണ്.

(സി) ഇപ്പോൾ പരിഗണനയിലില്ല.

നെല്ലിമൂട് സി. തങ്കരാജ് നാടാരെ കാണാതായ സംഭവം

67 (3257) ഡോ. എ. നീലലോഹിതദാസൻ നാടാർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ :

(എ) തിരുവനന്തപുരം ജില്ലയിലെ നെല്ലിമൂട് വെൺകുളം ചെറുപുഷ്പവിലാസം ബംഗ്ലാവിൽ ശ്രീ. സി. തങ്കരാജ് നാടാരെ 14-8-1997 മുതൽ കാണാതായിരിക്കുന്നുവെന്നുള്ള വിവരം കാണിച്ചു അദ്ദേഹത്തിന്റെ ഭാര്യ ശ്രീമതി സരോജം പോലീസിൽ പരാതി സമർപ്പിച്ചിട്ടുണ്ടോ ;

(ബി) ഇത് സംബന്ധിച്ച് അന്വേഷണം ഇപ്പോൾ ഏത് ഘട്ടത്തിലാണ് ;

(സി) ലോക്കൽ പോലീസിന് ഈ കേസ് തെളിയിക്കാൻ കഴിയാത്ത സാഹചര്യത്തിൽ ക്രൈം ബ്രാഞ്ചിനെ കൊണ്ട് പ്രസ്തുത കേസ് അന്വേഷിപ്പിക്കുമോ ?

ഉത്തരം

(എ) ഉണ്ട്.

LIBRARY ARCHIVES Kerala Legislative Assembly